# പോലീസ് വകുപ്പ്

## കേരളം

**<u>No. H1-22167/2022/KAP-I(1)</u>**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
എറണാകുളം
✉cmdtkap1.pol@kerala.gov.in
📞04842781290
തീയതി. 08-11-2023

<u>അനുബന്ധം -എച്ച്4</u>

ശ്രീ.സുധീഷ് രാഘവൻ, ഹവിൽദാർ ജനറൽ നമ്പർ 8839 സേവനത്തിൽ നിന്നും 21-09-2022 തീയതി മുതൽ അനധികൃതമായി വിട്ടു നിന്നതിന് ഒരു വകുപ്പുതല അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷണ നടപടികുറിപ്പുകളോട് യോജിച്ചുകൊണ്ട് കുറ്റാരോപിതനെ സേവനത്തിൽ നിന്നും നിക്കം ചെയ്യാൻ താൽകാലികമായി തിരുമാനിച്ചു കൊണ്ട് ഒരു കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും, ആയത് കുറ്റാരോപിതനെ നേരിൽ കണ്ട് കൈമാറാൻ കഴിയാത്തതിനാൽ മലയാള ദിനപത്രത്തിൽ പ്രസിദ്ധികരിച്ചിട്ടുള്ളതുമാണ്.

കുറ്റാരോപിതൻ കാരണം കാണിക്കൽ നോട്ടീസിന് സമാധാനം ഒന്നും ബോധിപ്പിച്ചിട്ടില്ലാത്തതിനാൽ താൽകാലിക തിരുമാനം സ്ഥിരപ്പെടുത്തി സേവനത്തിൽ നിന്നും നിക്കം ചെയ്യുകൊണ്ട് ഉത്തരവായ വിവരം ഇതിനാൽ അറിയിക്കുന്നു.

Jose V George
കമാണ്ടൻറ്

# പോലീസ് വകുപ്പ്

# കേരളം

**No.H1-22167/2022/KAP-I**
കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
എറണാകുളം
✉cmdtkap1.pol@kerala.gov.in
☏04842781290
തീയതി.31-10-2023

**BO No. 474/2023/KAP-I**

വിഷയം : ശ്രീ.സുധീഷ് രാഘവൻ, ഹവിൽദാർ ജനറൽ നമ്പർ 8839- നെതിരായ ശിക്ഷണനടപടികൾ- തീർപ്പ് കൽപ്പിച്ചുകൊണ്ട് ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന : 1) ഈ ഓഫീസിലെ 23-12-2022 തീയതിയിലെ മേൽ നമ്പർ ഉത്തരവ്
2) ഓഫീസർ കമാൻഡിംഗ് എ കമ്പനിയുടെ 25-07-2023 തീയതിയിലെ 284/23/എ/കെ എ പി 1 നമ്പർ ശിക്ഷണനടപടികുറിപ്പുകൾ.
3) ഈ ഓഫീസിലെ 04-08-2023 തീയതിയിലെ മേൽ നമ്പർ കത്ത്
4) ഓഫീസർ കമാൻഡിംഗ് എഫ് കമ്പനിയുടെ 10-08-2023 തീയതിയിലെ 2749858/2023 നമ്പർ കത്ത്.
5) ഈ ഓഫീസിലെ 13-09-2023 തീയതിയിലെ മേൽ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6) ഓഫീസർ കമാൻഡിംഗ് എഫ് കമ്പനിയുടെ 15-09-2023 തീയതിയിലെ 3160193/2023 നമ്പർ കത്ത്.

കേരള ആംഡ് പോലീസ് 1 ബറ്റാലിയൻ എഫ് കമ്പനിയിൽ പ്രവർത്തിയെടുത്തു വരുന്ന ശ്രീ.സുധീഷ് രാഘവൻ, ഹവിൽദാർ ജനറൽ നമ്പർ 8839 10-08-2022 തീയതി മുതൽ 20-09-2022 തീയതി വരെ 42 ദിവസം മെഡിക്കൽ അവധിയ്ക്ക് അപേക്ഷിക്കുകയും ആയത് അനുവദിച്ച നൽകിയിട്ടുള്ളതാണ്. തുടർന്ന് 21-09-2022 തീയതി മുതൽ 14 ദിവസം കൂടി മെഡിക്കൽ അവധിയിൽ തുടരുകയാണ് എന്ന് ഫോൺ മുഖേന കമ്പനിയിൽ അറിയിക്കുകയും, എന്നാൽ അവധി അപേക്ഷ ബന്ധപ്പെട്ട മെഡിക്കൽ രേഖകൾ സഹിതം സമർപ്പിക്കുകയോ, ഡ്യൂട്ടിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്യാത്തതിനാൽ കമ്പനി ജി ഡി യിൽ ഒ എസ് എൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഡ്യൂട്ടിയ്ക്ക് ഹാജരാകുവാനോ, ഹാജരാകുവാൻ സാധിക്കില്ലായെങ്കിൽ ആയതിന് കാരണം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് 3 നോട്ടീസുകൾ ഓഫീസർ കമാൻഡിംഗ് എഫ് കമ്പനി കുറ്റരോപിതന് നൽകിയിട്ടുള്ളതും, ആയത് കുറ്റാരോപിതൻ സ്ഥലത്തില്ലാത്തതിനാൽ കുറ്റാരോപിതൻറെ പിതാവ് കൈപ്പറ്റിയിട്ടുള്ളതാണ്. കുറ്റാരോപിതൻ വിദേശത്തേയ്ക്ക് പോയി എന്ന് കുറ്റാരോപിതൻറെ പിതാവിൽ നിന്നും അറിയാൻ കഴിഞ്ഞു. തുടർന്ന് കുറ്റാരോപിതനെ 21-09-2022 തീയതി മുതൽ സേനയിൽ നിന്നും ഒളിച്ചോടിയതായി (ഡെസർട്ടർ) ആയി പ്രഖ്യാപിച്ചുകൊണ്ട് ഈ ഓഫീസിലെ 22-10-2022 തീയതിയിലെ എ5(എ)-18198/2022/കെ എ പി1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അച്ചടക്കമുള്ള പോലീസ് സേനയിലെ അംഗമായ കുറ്റാരോപിതൻ അവധി അപേക്ഷ സമർപ്പിച്ച് മേലധികാരികളുടെ അനുമതി വാങ്ങി മാത്രം വിദേശ രാജ്യത്തേയ്ക്ക് പോകുവാൻ പാടുള്ളൂ എന്നിരിക്കേ ആയതിനു വിരുദ്ധമായി ഡ്യൂട്ടിയിൽ നിന്നു വിട്ടു നിന്ന് വിദേശരാജ്യത്തേയ്ക്ക് കടന്നു പോയത് കേരള സർക്കാർ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണ് എന്ന് കാണുകയാൽ വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷണ നടപടി കുറിപ്പുകൾ സമർപ്പിക്കുന്നതിന് ഓഫീസർ കമാൻഡിംഗ് എ കമ്പനിയെ അധികാരപ്പെടുത്തികൊണ്ട് മേൽ സൂചന 1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കുറ്റാരോപണമെമ്മോ നേരിൽ കണ്ട് കൈമാറാൻ സാധിക്കാത്തതിനാൽ പത്രമാധ്യമം വഴി പ്രസിദ്ധികരിക്കാൻ നടപടി സ്വികരിക്കുകയും, 25-03-2023 തീയതിയിലെ മാതൃഭൂമി ദിനപത്രത്തിൻറെ കേരളത്തിലെ എല്ലാ എഡിഷനുകളിലും കേരള സർക്കാർ വെബ്സൈറ്റായ Kerala.in./Others/Disciplinary Action-ലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. കുറ്റാരോപിതൻ കുറ്റരോപണമെമ്മോയ്ക്ക് മറുപടി ഒന്നും സമർപ്പിക്കാത്തതിനാൽ വാച്യാന്വേഷണം ആരംഭിക്കുകയും, 05-05-2023 തീയതി വാച്യാന്വേഷണം നടത്തുവാൻ നിശ്ചയിച്ച് കുറ്റാരോപിതന് നോട്ടീസ് നൽകിയെങ്കിലും ടിയാൻ സ്ഥലത്തില്ലാത്തതിനാൽ നോട്ടീസ് കുറ്റാരോപിതൻറെ പിതാവ് കൈപ്പറ്റിയിട്ടുള്ളതാണ്. കുറ്റാരോപിതനെ കൂടാതെ (Ex-Parte) ആയി അന്വേഷണം പൂർത്തിയാക്കി കുറ്റാരോപിതനെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന നിഗമനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷണ നടപടികുറിപ്പുകളാണ് മേൽ സൂചന 2 ൽ പരാമർശിച്ചിരിക്കുന്നത്. അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തിന്മേൽ അഭിപ്രായം ആരാഞ്ഞുകൊണ്ട് കുറ്റാരോപിതന് നൽകിയ കത്താണ് മേൽ സൂചന 3 ൽ പരാമർശിച്ചിരിക്കുന്നത്. കുറ്റാരോപിതൻ സ്ഥലത്തില്ലാത്തതിനാൽ കത്ത് കൈമാറാൻ സാധിച്ചില്ലായെന്ന് ഓഫീസർ കമാൻഡിംഗ് എഫ് കമ്പനി മേൽ സൂചന 4 പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

കുറ്റാരോപിതനെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന നിഗമനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷണ നടപടികുറിപ്പിനോട് പൂർണ്ണമായും യോജിച്ചു കൊണ്ട് കുറ്റാരോപിതനെ സർവീസിൽ നിന്നും നീക്കം ചെയ്യുവാൻ താൽകാലികമയി തിരുമാനിച്ചു കൊണ്ട് കുറ്റരോപിതന് നൽകിയ കാരണം കാണിക്കൽ നോട്ടീസാണ് മേൽ സൂചന 5- ൽ പരാമർശിച്ചിരിക്കുന്നത്. കാരണം കാണിക്കൽ നോട്ടീസ് കുറ്റാരോപിതൻ സ്ഥലത്തില്ലാത്തതിനാൽ കൈമാറാൻ സാധിച്ചില്ലായെന്ന് ഓഫീസർ കമാൻഡിംഗ് എഫ് കമ്പനി മേൽ സൂചന 6 പ്രകാരം അറിയിച്ചിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസ് പത്രമാധ്യമം വഴി പ്രസിദ്ധികരിക്കാൻ നടപടി സ്വികരിക്കുകയും 05-10-2023 തീയതിയിലെ മാധ്യമം ദിനപത്രത്തിൻറെ കേരളത്തിലെ എല്ലാ എഡിഷനുകളിലും, കേരള സർക്കാർ വെബ്സൈറ്റായ Kerala.in./Others/Disciplinary Action-ലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസം കഴിഞ്ഞിട്ടും കാരണം കാണിക്കൽ നോട്ടീസിന് സമാധാനം ഒന്നും കുറ്റാരോപിതൻ

സമർപ്പിക്കാത്തതിനാൽ എൻറെ താൽകാലിക തീരുമാനം സ്ഥിരപ്പെടുത്തി കുറ്റാരോപിതനെ സേനയിൽ നിന്നും ഒളിച്ചോടിയതായി പ്രഖ്യാപിച്ച 21-09-2022 തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

എൻറെ മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം അപ്പീൽ അതോറിറ്റിയായ ആംഡ് പോലീസ് ബറ്റാലിയൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന് അപ്പീൽ സമർപ്പിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

31-10-2023
Jose V George,
കമാണ്ടൻറ്

സ്വീകർത്താവ് : ശ്രീ.സുധീഷ് രാഘവൻ, ഹവിൽദാർ ജനറൽ നമ്പർ 8839 ന് ഓഫീസർ കമാൻഡിംഗ് എഫ് കമ്പനി മുഖേന.

പകർപ്പ് : ഓഫീസർ കമാൻഡിംഗ് എഫ് കമ്പനിക്ക് ഉത്തരവിൻറെ രണ്ട് പകർപ്പുകൾ നൽകുന്നു. ഉത്തരവിൻറെ ഒരു പകർപ്പ് ശ്രീ.സുധീഷ് രാഘവന് നൽകി മറു പകർപ്പിൽ ആയതു കൈപ്പറ്റിയതിനുള്ള ടിയാൻറെ തീയതിയോടുകൂടിയ ഒപ്പ് അടയാളത്തോടെ തിരികെ നൽകുക. കൈമാറാൻ സാധിച്ചില്ലായെങ്കിൽ ആ വിവരം അറിയിക്കുക.

ഡെപ്യൂട്ടി കമാണ്ടൻറ് , അസിസ്റ്റൻറ് കമാണ്ടൻറ് അഡ്ജ്യൂറ്റൻറ് , വിംഗ് I, II, ക്വാർട്ടർ മാസ്റ്റർ എന്നിവർക്ക് അറിവിലേയ്ക്കായി.
ഓഫീസർ കമാൻഡിംഗ് എ,ബി,സി ഡി,ഇ,എഫ്,ജി,ആസ്ഥാന കമ്പനികൾക്ക് അറിവിലേയ്ക്കായി.
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് , മാനേജർ എന്നിവർക്ക് അറിവിലേയ്ക്കായി.
എല്ലാ ജൂനിയർ സൂപ്രണ്ടുമാർക്കും, കാഷ്യർക്കും അറിവിലേയ്ക്കായി.
കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് റ്റു കമാണ്ടൻറിന് അറിവിലേയ്ക്കായി.
എല്ലാ സെക്ഷനുകൾക്കും അറിവിലേയ്ക്കായി.
ബി ഒ ബുക്ക്, ബി ഒ ഫയൽ.